# Telephone conversation between Prime Minister and H.E. Justin Trudeau, Prime Minister of Canada

June 16, 2020

# പ്രധാനമന്ത്രിയും കാനഡ പ്രധാനമന്ത്രി ശ്രീ ജസ്റ്റിൻ ട്രൂഡോയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം.

ജൂൺ 16, 2020

കാനഡ പ്രധാനമന്ത്രി ശ്രീ ജസ്റ്റിൻ ട്രൂഡോയുമായി പ്രധാനമന്ത്രി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

തങ്ങളുടെ രാജ്യങ്ങളിൽ കോവിഡ്-19 പകർച്ചവ്യാധിമൂലമുണ്ടാകുന്ന സാഹചര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഇരു നേതാക്കളും പരസ്പരം പങ്കു വച്ചു കൂടാതെ ആരോഗ്യ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനുള്ള അന്താരാഷ്ട്ര സഹരണത്തിന്റെ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

കോവിഡിന് ശേഷമുള്ള ലോകത്തിൽ, മാനുഷിക മൂല്യങ്ങളുടെ വർദ്ധനവ് ഉൾപ്പടെയുള്ള നന്മകൾക്ക് ഇന്ത്യ - കാനഡ പങ്കാളിത്തം പങ്കുവഹിക്കുമെന്നു അവർ സമ്മതിച്ചു.

ലോകാരോഗ്യ സംഘടനാ ഉൾപ്പടെയുള്ള ബഹുരാഷ്ട്ര സ്ഥാപങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ആവശ്യകത നേതാക്കൾ ഊന്നിപ്പറഞ്ഞു കൂടാതെ ആരോഗ്യം, സാമൂഹികം, സാമ്പത്തികം കൂടാതെ രാഷ്ട്രീയം എന്നിവ സംബന്ധിച്ച വിഷയങ്ങൾ സംബന്ധിച്ച് വിവിധ ബഹുരാഷ്ട്ര ഫോര്മുകളിൽ കൂട്ടായ പ്രവർത്തനം നടത്തുന്നതിനും അവർ സമ്മതിച്ചു.

കാനഡയിൽ ഉള്ള ഇന്ത്യൻ പൗരന്മാർക്ക് അടുത്തിടെയായി കനേഡിയൻ അധികാരികൾ നൽകുന്ന സഹായത്തിനും അവർക്ക് തിരിച്ചു വരുന്നതിനു സൗകര്യമൊരുക്കിയതിനും പ്രധാനമന്ത്രി മോഡി നന്ദി അറിയിച്ചു. ഇന്ത്യയിലുള്ള കനേഡിയൻ പൗരന്മാർക്ക് നൽകിയ സൗകര്യങ്ങളിൽ പ്രധാനമന്ത്രി ട്രൂഡോയും സന്തോഷം പ്രകടിപ്പിച്ചു.

ഇരു നേതാക്കളും വരുന്ന ദിവസങ്ങളിൽ പരസ്പരമുല്ല പര്യാലോചനകൾ തുടരുന്നതിന് സമ്മതിച്ചു. ജനാധിപത്യ മൂല്യങ്ങളിൽ അടിയുറച്ച സമ്പദ് ശക്തികളായതിനാൽ വളരെയധികം ആഗോള പ്രശ്ങ്ങളിൽ ഇന്ത്യയ്ക്കും കാനഡയ്ക്കും സ്വാഭാവികമായ ഒരു കൂട്ടായ്മയുണ്ട് എന്ന് അവർ സമ്മതിക്കുകയുണ്ടായി.

**ന്യൂ ഡൽഹി**
**16 ജൂൺ, 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.**